# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ലേ സെക്രട്ടറി & ട്രഷറർ/സീനിയർ സൂപ്രണ്ട് സ്ഥലംമാറ്റം/സീനിയറായിട്ടുള്ള ജൂനിയർ സൂപ്രണ്ടിന് സെക്രട്ടറി & ട്രഷറർ ആയിട്ടുള്ള സ്ഥാനക്കയറ്റം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- കത്ത് നം. എച്ച്/91/2021-ഹെൽത്ത്, തീയതി: 27/04/2021.

## ഉത്തരവ് നം. ഇ.ഡി.3-26880/2021/ആ.വ.ഡ., തീയതി: 22/09/2021.

ചുവടെ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലേ സെക്രട്ടറി & ട്രഷറർ -നെ ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാളുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു

| ക്രമ നം. | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലംമാറ്റി നിയമിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1. | ശ്രീ. ചന്ദ്രൻ പി. എ. | ലേ സെക്രട്ടറി & ട്രഷറർ<br>സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, തൈക്കാട്,<br>തിരുവനന്തപുരം | ലേ സെക്രട്ടറി & ട്രഷറർ<br>താലൂക്ക് ആസ്ഥാന ആശുപത്രി, നോർത്ത് പറവൂർ, എറണാകുളം |

താഴെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നതും പരാമർശം പ്രകാരമുള്ള മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന മുതിർന്ന ജൂനിയർ സൂപ്രണ്ടിനെ രൂപ 51,400 - 1,10,300 ശമ്പള സ്കെയിലിൽ സ്ഥിര അടിസ്ഥാനത്തിൽ KS&SSR -ന്റെ ഭാഗം II -ൽ 28(b)(i) -യുടെ അടിസ്ഥാനത്തിൽ ലെ സെക്രട്ടറി ആന്റ് ട്രഷറർ (ഗസറ്റഡ് വിഭാഗം) ആയി ഉദ്യോഗക്കയറ്റം നൽകി ടി വ്യക്തിയുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു

| ക്രമ നം. | പേരും, നിലവിൽ ജോലി ചെയ്യുന്ന സ്ഥലം | ജനന തീയതി | നിയമിച്ചിരിക്കുന്ന സ്ഥലം |
|---|---|---|---|
| 1. | ശ്രീ. വി. കെ. ശ്രീബിത്ത്<br>ജൂനിയർ സൂപ്രണ്ട്<br>ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)<br>വയനാട് | 03/04/1974 | ലേ സെക്രട്ടറി & ട്രഷറർ<br>സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, തൈക്കാട്,<br>തിരുവനന്തപുരം |

മേൽ പ്രൊമോഷൻ ലഭിച്ച വ്യക്തിയുടെ ശമ്പള സ്കെയിലായ രൂപ 51,400 - 1,10,300 സ്കെയിലിൽ ശമ്പളം നിർണ്ണയിക്കുന്നതിന് ആവശ്യമായ സമ്മതപത്രം ഒരു മാസത്തിനുള്ളിൽ അക്കൗണ്ടന്റ് ജനറൽ കേരളയ്ക്ക് സമർപ്പിക്കേണ്ടതാണ്.

സ്ഥാപന മേധാവി പ്രൊമോഷൻ നൽകിയ മേൽ ജീവനക്കാരനെ പകരം ആൾ ജോലിയ്ക്ക് ഹാജരാകുന്നത് കണക്കാക്കാതെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്.

മേൽ ഉദ്യോഗസ്ഥൻ സ്ഥാനക്കയറ്റ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ ഒരു വർഷ കാലയളവിനുള്ളിൽ ആറ് മാസത്തെ പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തീകരിക്കേണ്ടതാണ്. ടിയാൾ യഥാസമയം ആർ.റ്റി.സി. സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ. രാജു വി. ആർ.
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

പകർപ്പ്:-
1. അക്കൗണ്ടന്റ് ജനറൽ, കേരള (ആമുഖ കത്ത് സഹിതം)
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം/വയനാട്/തിരുവനന്തപുരം.
3. സൂപ്രണ്ട്, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, തൈക്കാട്, തിരുവനന്തപുരം.
4. സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, നോർത്ത് പറവൂർ, എറണാകുളം.
5. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
6. ഫയൽ/കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സൂപ്രണ്ട്**

ജിആർആർ-22/09